**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2783** **17/10/2016-ൽ മറുപടിക്ക്**

## ബീഡി പാക്കറ്റിന്മേൽ സചിത്ര ആരോഗ്യ മുന്നറിയിപ്പ് പരസ്യം

**ചോദ്യം**
ശ്രീ. സി.കൃഷ്ണൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബീഡിയുടെ മൊത്ത വിതരണ പാക്കറ്റിന്മേൽ സചിത്ര ആരോഗ്യ മുന്നറിയിപ്പ് പരസ്യം രേഖപ്പെടുത്തണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ, ബീഡി വ്യവസായ പ്രതിസന്ധി പരിഗണിച്ച് ഉപഭോക്താവിന്റെ കൈകളിലെത്തുന്ന ചില്ലറ വില്പന പാക്കറ്റിൽ മാത്രം സചിത്ര ആരോഗ്യ മുന്നറിയിപ്പ് പരസ്യം രേഖപ്പെടുത്തിയാൽ മതിയെന്ന നിർദ്ദേശം നല്കാമോ? | (ബി) | പുകവലി നിയന്ത്രണം ഉദ്ദേശിച്ചുകൊണ്ട് രാജ്യത്ത് നടപ്പിലാക്കിയ നിയമമാണ് COTPA (Cigarettes and Other Tobacco Product Act). ഈ നിയമത്തിന്റെ സെക്ഷൻ 7 പ്രകാരം പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും വിതരണം ചെയ്യുന്നതുമായ എല്ലാ പായ്ക്കറ്റുകളിലും 85% സ്ഥലത്ത് സചിത്ര ആരോഗ്യമുന്നറിയിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. COTPA നിയമം, കേന്ദ്ര നിയമമായതിനാൽ അതിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പിന് അധികാരമില്ല. |

സെക്ഷൻ ഓഫീസർ